സാധിച്ചില്ല. തൊട്ടു പിന്നാലെ വന്ന തോണിയിലുണ്ടായിരുന്നവരാണ് ഏഴുപേരെയും രക്ഷിച്ചത്. തോണിയുടെ മധ്യത്തിലിരിക്കുന്ന രണ്ടുപേരെയാണ് കാണാതായത്. മംഗലാപുരത്തുനിന്നും ഹെലികോപ്ടറും മറ്റും വന്നു തെരച്ചിൽ നടത്തിയെങ്കിലും അവരെ രക്ഷിക്കാൻ സാധിച്ചില്ല. വൈകുന്നേരം രണ്ടുപേരുടെയും ജഡം പൊയ്പ്പാടി കടപ്പുറത്ത് വന്നടിഞ്ഞു. ഇവരുടെ കുടുംബത്തെ സഹായിക്കുന്നതിന് കാലതാമസമില്ലാതെ ആനുകൂല്യം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പരിക്കേറ്റവരെ ചികിത്സിക്കാനുള്ള ഉത്തരവാദിത്വം പൂർണ്ണമായും ഗവണ്മെന്റ് ഏറ്റെടുക്കണം. കാസർഗോഡ് ഭാഗത്ത് ഇടയ്ക്കിടെ അപകടമുണ്ടാകുന്നു. ഇങ്ങനെ അപകടത്തിൽപ്പെടുന്നവരെ സഹായിക്കാൻ ഒരു സ്പീഡ് ബോട്ടെങ്കിലും നിലനിറുത്താൻ ആവശ്യമായ നടപടിയുണ്ടാകണം. 70 മീറ്റർ അടുത്തുണ്ടായ ഈ അപകടത്തിൽപ്പെട്ടവരെ തക്കസമയത്ത് രക്ഷിക്കാൻ എന്തെങ്കിലും ഏർപ്പാട് ഉണ്ടായിരുന്നെങ്കിൽ അവർ രക്ഷപ്പെടുമായിരുന്നു. അതിനാൽ സ്ഥിരമായ ഒരു ഏർപ്പാട് അവിടെ ഉണ്ടാകാനുള്ള നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കാസർഗോഡ് ജില്ലയിലെ കുമ്പള, പൊയ്പ്പാടി കടപ്പുറത്ത് യന്ത്രം ഘടിപ്പിച്ച രണ്ടു വള്ളങ്ങൾ മത്സ്യബന്ധനത്തിനുപോയി തിരികെ വരുമ്പോൾ കടൽ പ്രക്ഷുബ്ധമായതിനെത്തുടർന്ന് ഇന്നലെ രാവിലെ ഒൻപതു മണിയോടെ അപകടത്തിൽപ്പെട്ടു. മൊത്തം പതിമൂന്നു തൊഴിലാളികളാണ് ഉണ്ടായിരുന്നത്. പതിനൊന്നുപേരും രക്ഷപ്പെട്ടു. രണ്ടുപേരെ കാണാതായി. ഒരാളെ നിസ്സാര പരിക്കുകളോടെ കാസർഗോഡ് ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചു. അപകട വിവരം അറിഞ്ഞ ഉടൻ കാസർഗോഡ് ഫിഷറീസ് ഡയറക്ടറുടെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനങ്ങൾക്കായുള്ള തെരച്ചിൽ നടത്തി. കാസർഗോഡ് ജില്ലാ കളക്ടർ മംഗലാപുരത്തുള്ള കോസ്റ്റൽ ഗാർഡുകളുടെയും ഇന്ത്യൻ നേവിയുടെയും സഹായത്തോടെ അന്വേഷണം നടത്തി.

മംഗലാപുരത്തുനിന്നും 134 എന്ന കോസ്റ്റ് ഗാർഡിന്റെ കപ്പലും നേവിയുടെ ഹെലികോപ്റ്ററും കണ്ണൂരിൽനിന്നുള്ള പെട്രോൾ ബോട്ടും തെരച്ചിൽ നടത്തി. കാണാതായ മുഹമ്മദ്, മൊയ്തീൻകുഞ്ഞ് എന്നിവരുടെ മൃതദേഹങ്ങൾ വൈകുന്നേരം അഞ്ച് മണിയോടുകൂടി കണ്ടുകിട്ടി. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഉടൻതന്നെ നൽകുന്നതാണ്.

IV. റിപ്പോർട്ട് സമർപ്പണം

(1) ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി വകുപ്പുമന്ത്രിയും 1-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനുമായ ഞാൻ നെല്ലിയാമ്പതി ഓറഞ്ച്-പച്ചക്കറി ഫാമിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 29-ാമത് റിപ്പോർട്ട്

ശ്രീ. ജോസ് ബേബി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപതാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly